No.CEE/200/5LLB-2020/TA2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2020 ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

2020–21 അദ്ധ്യയന വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിൽ കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേയ്ക്കും, 19 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ 50% സർക്കാർ സീറ്റുകളിലേയ്ക്കും പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **08.08.2020 ന് (ശനിയാഴ്ച)** ആരംഭിച്ചു.

വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'Integrated Five Year LL.B 2020 - Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Registration'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **08.08.2020** മുതൽ **15.08.2020 വൈകുന്നേരം 3.00 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **15.08.2020 വൈകുന്നേരം 3.00 മണി** വരെ ലഭ്യമാകുന്ന ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് **17.08.2020** –ന് പ്രസിദ്ധീകരിക്കുന്നതാണ്.

വിവിധ കാരണങ്ങളാൽ പരീക്ഷാ ഫലം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഇത്തരം വിദ്യാർത്ഥികൾ **14.08.2020** വൈകുന്നേരം **4.00** മണിക്കകം മതിയായ രേഖകൾ വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഇ–മെയിൽ, തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 08.08.2020 | ഓപ്ഷൻ രജിസ്ട്രേഷന് വെബ്സൈറ്റ് സജ്ജമാകുന്നു |
| **15.08.2020, 3.00 pm** | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു |
| **17.08.2020** | **ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ ഹാജരാകേണ്ട സമയവും ഒടുക്കേണ്ട ഫീസ് സംബന്ധിച്ച വിവരവും പിന്നീട് വിജ്ഞാപനത്തിലൂടെ അറിയിക്കുന്നതാണ്. | |

| DETAILS OF LAW COLLEGES INCLUDED CENTRALISED ALLOTMENT PROCESS (CAP) | | | | | |
|---|---|---|---|---|---|
| **Sl. No** | **College Code** | **Name of College** | **Course Code** | **Name of Course** | **Total Seats** |
| **GOVERNMENT LAW COLLEGES** | | | | | |
| 1 | TVL | GOVT. LAW COLLEGE, THIRUVANANTHAPURAM | LB | BA. LL.B | 60 |
| 2 | EKL | GOVT. LAW COLLEGE, ERNAKULAM | LN | B.com. LL.B (Hons) | 60 |
| 3 | TCL | GOVT. LAW COLLEGE, THRISSUR | LA | BBA. LL.B | 60 |
| 4 | KKL | GOVT. LAW COLLEGE, KOZHIKODE | LA | BBA. LL.B | 60 |

**PRIVATE SELF FINANCING LAW COLLEGES**

| Sl. No | College Code | Name of College | Course Code | Name of Course | Total Seats |
|---|---|---|---|---|---|
| 1 | ATL | AL AZHAR LAW COLLEGE, THODUPUZHA, IDUKKI | LP | BA. LL.B (Hons) | 60 |
| 2 | AIL | AMBOOKAN ITTUP MEMORIAL (AIM) COLLEGE OF LAW, POYYA P.O., THRISSUR | LO | BBA.LLB (Hons) | 60 |
| 3 | CEL | CSI COLLEGE FOR LEGAL STUDIES, ETTUMANOOR, KOTTAYAM | LP | BA. LL.B (Hons) | 60 |
| | | | LN | B.Com LL.B (Hons) | 60 |
| 4 | *SEL | SREE NARAYANA LAW COLLEGE, POOTHOTTA, ERNAKULAM | LP | BA. LL.B (Hons) | 60 |
| | | | LO | BBA. LL.B (Hons) | 60 |
| 5 | BAL | BHARATA MATA SCHOOL OF LEGAL STUDIES, ALUVA EAST, CHUNANGAMVELI, ERNAKULAM | LP | BA. LL.B (Hons) | 60 |
| | | | LO | BBA. LL.B (Hons) | 120 |
| | | | LN | B.Com LL.B (Hons) | 60 |
| 6 | *GYL | GURU NITHYA CHAITHANYA YATHI COLLEGE OF LAW & RESEARCH CENTRE, KAYAMKULAM | LB | BA. LL.B | 60 |
| 7 | CPL | CSI INSTITUTE OF LEGAL STUDIES, CHERUVARAKONAM, TRIVANDRUM | LB | BA. LL.B | 60 |
| | | | LA | BBA. LL.B | 60 |
| | | | LC | B.Com LL.B | 60 |
| 8 | CTL | CO-OPERATIVE SCHOOL OF LAW, THODUPUZHA, IDUKKI | LO | BBA. LL.B (Hons) | 120 |
| | | | LN | B.Com LL.B (Hons) | 60 |
| 9 | KML | KMCT LAW COLLEGE, MALAPPURAM | LA | BBA. LL.B | 110 |
| 10 | GNL | MAR GREGORIOS COLLEGE OF LAW, NALANCHIRA, TRIVANDRUM | LB | BA. LL.B | 60 |
| | | | LA | BBA. LL.B | 60 |
| | | | LC | B.Com LL.B | 60 |
| 11 | MKL | MARKAZ LAW COLLEGE, KARANTHUR, KOZHIKODE | LA | BBA. LLB | 60 |
| 12 | MCL | MCT COLLEGE OF LEGAL STUDIES, MELMURI, MALAPPURAM | LA | BBA.LLB | 60 |
| 13 | *MZL | MOUNT ZION LAW COLLEGE, ELAKOLLOOR, KONNI, PATHANAMTHITTA | LN | B Com. LL.B (Hons) | 60 |
| 14 | NCL | NEHRU ACADEMY OF LAW, LAKKIDI, PALAKKAD | LO | BBA.LLB (Hons) | 60 |
| 15 | NKL | NSS LAW COLLEGE, KOTTIYAM, KOLLAM | LB | BA. LL.B | 60 |
| 16 | *SKL | SREE NARAYANA GURU COLLEGE OF LEGAL STUDIES, KOLLAM | LB | BA. LL.B | 60 |
| | | | LA | BBA. LL.B | 60 |
| | | | LC | B Com. LL.B | 60 |
| 17 | PKL | THE KERALA LAW ACADEMY LAW COLLEGE, THIRUVANANTHAPURAM | LC | B Com. LL.B | 60 |
| 18 | KEL | V R KRISHNAN EZHUTHACHAN LAW COLLEGE, PALAKKAD | LO | BBA.LL.B (Hons) | 60 |
| 19 | *AAL | AL AMEEN LAW COLLEGE, SHORNUR, PALAKKAD | LO | BBA. LL.B (Hons) | 40 |

*ഈ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് താത്ക്കാലികവും സർക്കാരിന്റെ/ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടെയും ഉത്തരവിന് വിധേയവുമായിരിക്കും.

**ഫീസ്:**

2020–21 **അദ്ധ്യയന വർഷത്തെ ഫീസ് ഘടന സർക്കാർ ഉത്തരവിന് വിധേയമായിരിക്കും.**

| കോളേജുകൾ | ഫീസ് |
|---|---|
| ഗവൺമെന്റ് ലോ കോളേജുകൾ | **വാർഷിക ട്യൂഷൻ ഫീസ്** - 1,575/- രൂപ |
| സ്വകാര്യ സ്വാശ്രയ ലോ കോളേജ് **(ഗവൺമെന്റ് സീറ്റ്)** | **വാർഷിക ട്യൂഷൻ ഫീസ്** – 30,000/- രൂപ<br>സ്പെഷ്യൽ ഫീസ് – 5,000/-<br>ക്വാഷൻ ഡെപ്പോസിറ്റ് – 5,000/-<br>തിരികെ ലഭിക്കുന്ന നിക്ഷേപം – 50,000/- രൂപ |

അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾ പ്രോസ്പെക്ടസ് ക്ലോസ് **6** ൽ പറയുന്ന അക്കാദമിക യോഗ്യത നേടിയിരിക്കണം.

അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ താഴെ പറയുന്ന സർട്ടിഫിക്കറ്റ്/രേഖകൾ അഡ്മിഷൻ സമയത്ത് ഹാജരാക്കാനായി (കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ) മുൻകൂറായി തയ്യാറാക്കി വയ്ക്കേണ്ടതാണ്.

## അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:

1. വിദ്യാർത്ഥിയുടെ ഡാറ്റാ ഷീറ്റ്
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് മെമ്മോ.
3. എസ്.എസ്.എൽ.സി/ജനന തീയതി തെളിയിക്കുന്ന മറ്റു സ്കൂൾ രേഖകൾ/ജനന സർട്ടിഫിക്കറ്റ്/പാസ്സ്പോർട്ട് എന്നിവയിൽ ഒന്നിന്റെ അസ്സൽ
4. യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകളും പാസ്സ് സർട്ടിഫിക്കറ്റും (അസ്സൽ)
5. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും
6. അടുത്തകാലത്തെടുത്ത നാല് പാസ്പോർട്ട് സൈസ് ഫോട്ടോ
7. സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങൾ/ബാങ്ക് എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന അപേക്ഷകർ അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഒരു യൂണിവേഴ്സിറ്റി നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
10. നേറ്റിവിറ്റി/സംവരണം/ഫീസ് ഇളവ് എന്നിവ തെളിയിക്കുന്നതിനായി ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ.
11. പ്രോസ്പെക്ടസ്/വിജ്ഞാപനങ്ങൾ/അലോട്ട്മെന്റ് മെമ്മോ എന്നിവയിൽ പറഞ്ഞിട്ടുള്ള മറ്റ് സർട്ടിഫിക്കറ്റുകൾ/രേഖകൾ.

**കുറിപ്പ്:** 1. ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും സർക്കാർ അനുമതിയുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുകയുള്ളൂ.
2. അഡ്മിഷൻ നേടാൻ താത്പര്യമില്ലാത്ത കോളേജുകളിലേക്ക്/കോഴ്സുകളിലേയ്ക്ക് അനാവശ്യമായി ഓപ്ഷനുകൾ നൽകാൻ പാടുള്ളതല്ല.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
**08.08.2020**

പ്രവേശന പരീക്ഷാ കമ്മീഷണർ